"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സൗരമേൽക്കൂര പദ്ധതിയിൽ 2 KW വൈദ്യുത പ്ലാന്റ് സ്ഥാപിക്കാൻ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2375/2025/LSGD തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:-

1. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14/06/2024-ലെ 104276/22/DPC/DPO/EKM നമ്പർ കത്ത്.
2. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/05/2025-ലെ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 15/09/2025-ലെ 4.34 നമ്പർ തീരുമാനം.

**ഉത്തരവ്**

സൗര മേൽക്കൂര വൈദ്യുതി പ്ലാന്റ് സ്ഥാപിക്കാനുള്ള 2023-24-ലെ പ്രോജക്ട് 2025-26 വർഷം സ്പിൽ ഓവറായി ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം 1 KW ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റാണ് സ്ഥാപിക്കാവുന്നത്. സ്പെസിഫിക്കേഷനും കമ്പനികളുടെ ലിസ്റ്റും വിലയും അനർട്ട് ലഭ്യമാക്കുമെന്നും മാർഗ്ഗരേഖയിലുണ്ട്. നിലവിൽ അനെർട്ട് 2 KW ന് മുകളിൽ ശേഷിയും അതനുസരിച്ചുള്ള സബ്സിഡിയും ഉൾക്കൊള്ളുന്ന സൗര മേൽക്കൂര പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനമാണ് നടത്തുന്നത്. അതിനാൽ 2 കിലോവാട്ടിനു മുകളിൽ ശേഷിയുള്ള സൗര മേൽക്കൂര പ്ലാന്റ് ഗ്രിഡ് മുഖേന (ഓൺഗ്രിഡ്) സ്ഥാപിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) (2) പ്രകാരം സർക്കാരിൽ അപേക്ഷ ലഭ്യമായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മേൽ

പദ്ധതി നടപ്പാക്കാൻ അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MADHUSOODHANAN V

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, എറണാകുളം ജില്ല.

സെക്രട്ടറി, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3283441 )

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 29-09-2025 13:17:50

സെക്ഷൻ ഓഫീസർ